**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2469 05.11.2019-ലെ മറുപടിയ്ക്ക്

**സ്പോർട്സ് പരിശീലന ഉപകരണങ്ങൾ നൽകുന്ന പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ. ദാസൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | വിദ്യാഭ്യാസ ഉപജില്ലയിലെയോ മണ്ഡലത്തിലെയോ ഏതെങ്കിലും ഒരു സ്കൂൾ കേന്ദ്രമാക്കി സ്പോർട്സ് പരിശീലന ഉപകരണങ്ങൾ നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ; | (എ) | ഇല്ല |
| (ബി) | സ്കൂളുകൾക്ക് വിദ്യാർത്ഥികളുടെ പരിശീലനത്തിനായി ജംമ്പിംഗ് പിറ്റ് അടക്കമുള്ള വില കൂടിയതും കുറഞ്ഞതുമായ സ്പോർട്സ് ഉപകരണങ്ങൾ നൽകുന്ന ഏതെങ്കിലും പദ്ധതി കായിക വകുപ്പിന് കീഴിൽ നിലവിലുണ്ടോ; | (ബി) | കായിക സംഘടനകൾ, രജിസ്റ്റേർഡ് ക്ലബ്ബുകൾ,സർക്കാർ/എയ്ഡഡ് സ്കൂളുകൾ, കായിക താരങ്ങൾ എന്നിവയ്ക്ക് കായിക ഉപകരണങ്ങൾ വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനുമായി സാമ്പത്തിക സഹായം അനുവദിച്ച് വരുന്നുണ്ട്. കൂടാതെ യൂത്ത് ക്ലബ്ബുകൾക്ക് സ്പോർട്സ് പരിശീലന ഉപകരണങ്ങൾ വാങ്ങുന്ന സ്പോർട്സ് കിറ്റ് എന്ന പദ്ധതി യുവജനക്ഷേമ ബോർഡും നടപ്പിലാക്കി വരുന്നുണ്ട്. |
| (സി) | സ്കൂൾ വിദ്യാർത്ഥികളുടെ കായിക പരിശീലനത്തിനായി വകുപ്പ് നടപ്പിൽ വരുത്തിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ജി.വി.രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾക്ക് അന്തർ ദേശീയ നിലവാരമുള്ള പരിശീലനം ലഭ്യമാക്കുന്നതിന് വിദേശ പരിശീലകരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ അന്താരാഷ്ട്ര നിലവാരമുള്ള താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.<br>1) വോളിബോൾ കോർട്ട്, ബാസ്കറ്റ് ബോൾ കോർട്ട്, ഇൻഡോർ ഹാൾ നിർമ്മാണം |

| | | | |
|---|---|---|---|
| | | | 2) ഫുൾ P U R 6 ലെയ്ൻ 400 മീറ്റർ അത്ലറ്റിക് ടാക്ക്<br><br>3) സിന്തറ്റിക് ഫുട്ബോൾ ടർഫ്<br><br>4) സിന്തറ്റിക് ഹോക്കി ടർഫ്<br><br>5) അന്താരാഷ്ട്ര നിലവാരമുള്ള കായിക ഉപകരണങ്ങൾ<br><br>ഇതിനു പുറമെ പ്രത്യേക പരിശീലന പദ്ധതികളുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br><br>നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് കിക്കോഫ്. നിലവിൽ സംസ്ഥാനത്ത് 19 സെന്ററുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതി നടപ്പ് സാമ്പത്തിക വർഷം 14 സെന്ററുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. പെൺകുട്ടികൾക്ക് മാത്രമായാണ് പ്രസ്തുത 14 സെന്ററുകളിൽ പരിശീലനം നൽകുന്നത്.<br><br>**<u>പ്ലേ ഫോർ ഹെൽത്ത്</u>**<br><br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്.<br><br>**<u>സ്പ്ലാഷ്</u>**<br><br>സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന പദ്ധതിയാണ് സ്പ്ലാഷ്. ആദ്യഘട്ടമെന്ന നിലയിൽ പാലക്കാട്, ഇടുക്കി, |

| | | | |
|---|---|---|---|
| | | | തൃശ്ശൂർ, കാസർഗോഡ്, വയനാട് എന്നീ ജില്ലകളിൽ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.<br><br>**<u>ഷൂട്ട്</u>**<br><br>സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഷൂട്ട്. നടപ്പ് സാമ്പത്തിക വർഷം 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.<br><br>**<u>സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്‌ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം</u>**<br><br>ലോക നിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ഗ്രാസ്റൂട്ട് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ, ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**